# കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ

# വാർഷിക റിപ്പോർട്ട്

## 2024-25

കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ കാര്യാലയം,
രണ്ടാം നില, കെ എസ് ഡി എം എ ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി ഓ,
തിരുവനന്തപുരം. -695 033
Phone: 91889 11319
ഇ-മെയിൽ: keralaccam@gmail.com.

**ഉള്ളടക്കം**


1. ആമുഖം 3
2. മിഷന്റെ ഘടനയും ചുമതലകളും 3
    - 2.1 മിഷന്റെ ഘടന 3
    - 2.2. എക്സിക്യൂട്ടീവ് കമ്മിറ്റി 4
    - 2.3. മിഷന്റെ ചുമതലകൾ 4
3. മിഷൻ യോഗം 5
4. ഭരണപരമായ ക്രമീകരണം 6
    - 4.1 തസ്തികകളുടെ രൂപീകരണം 6
    - 4.2 ജീവനക്കാരുടെ വിവരങ്ങൾ 6
    - 4.3 തസ്തികളകളുടെ ഒഴിവാക്കൽ 7
5. മിഷൻ പ്രവർത്തനങ്ങൾ 7
    - 5.1. ഓഫീസ് സംവിധാനം 7
    - 5.2. ഈ- ഓഫീസ് 7
    - 5.3. വിവരാവകാശ നിയമം. 7
    - 5.4. മിഷൻ വെബ്സൈറ്റ് 7
6. വാർഷിക പദ്ധതി 7
    - 6.1. എസ്റ്റാബ്ലിഷ്മെന്റ് ഓഫ് മിഷൻ 8
    - 6.2. കേരള കാലാവസ്ഥ വ്യതിയാന സംഭാഷണ പരിപാടി 8
    - 6.3. കേരള ക്ലൈമറ്റ് ചേഞ്ച് കോൺഫറൻസ് 8
7. ധനകാര്യ മാനേജ്മന്റ് 9
    - 7.1 ചിലവുകൾ 9
8. ഉപസംഹാരം 9

## 1. ആമുഖം

കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഉയർന്ന് വരുന്ന വെല്ലുവിളികൾ കണക്കിലെടുത്ത് കാലാവസ്ഥാ വ്യതിയാന കാര്യങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും, ലഘൂകരണത്തിനുമായി ആണ് കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ (Kerala State Climate Change Adaptation Mission - KSCCAM) രൂപീകരിക്കപ്പെട്ടത്. കേരളത്തിൽ കാലാവസ്ഥാ വ്യതിയാന അനുരൂപീകരണം എന്ന ലക്ഷ്യം നേടുന്നതിനായി ആവശ്യമായ നയം, നിയമ പരിഷ്കരണം, നിയമ നിർമ്മാണം, ചട്ട നിർമ്മാണം എന്നിവയ്ക്ക് മേൽനോട്ടം വഹിക്കുക, സംസ്ഥാന കാലാവസ്ഥാ വ്യതിയാന പ്രവർത്തന പദ്ധതി അവശ്യാനുസരണം പരിഷ്കരിച്ച് സർക്കാരിന് ശുപാർശ ചെയ്യുക, കാർബൺ ബഹിർഗമനം കുറയ്ക്കൽ, കാർബൺ അക്കൗണ്ടിംഗ്. കാർബൺ ട്രേഡിംഗ് എന്നിവ സംസ്ഥാനത്ത് നടപ്പാക്കുന്നതിന് പൊതുവായ ഒരു പ്രവർത്തന, സാമ്പത്തിക ചട്ടക്കൂട് സൃഷ്ടിക്കുക എന്നിവ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ പെടുന്നു.

04.08.2023 ലെ സ.ഉ. (സാധാ) നം.61/2023/പരിസ്ഥിതി ഉത്തരവ് പ്രകാരം മിഷൻ രൂപീകൃതമായി. മിഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഉദ്യോഗസ്ഥ തസ്തികകൾ സൃഷ്ടിക്കുകയും, മിഷൻ ചുമതലകൾ നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. മിഷന്റെ പ്രതീക്ഷിത ഫലങ്ങൾ) താഴെപ്പറയുന്നവയാണ്.

i) ഹരിത ഗൃഹ വാതകങ്ങളുടെ (greenhouse gases) ബഹിർഗമനം കുറയ്ക്കുന്നതിനുള്ള ദീർഘകാല ലക്ഷ്യങ്ങളുമായി യോജിപ്പിച്ച് സാമ്പത്തിക വികസനം.

ii) ക്ലീനർ സാങ്കേതികവിദ്യകളുടെ വിന്യാസം എന്നിവ വർദ്ധിപ്പിക്കുക.

iii) 'മനുഷ്യവാസ കേന്ദ്രങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ഉപജീവനമാർഗ്ഗങ്ങൾ എന്നിവയ്ക്കുണ്ടാകുന്ന ദുരന്തം മൂലമുള്ള നഷ്ടം കുറയ്ക്കുന്നതിന് വർദ്ധിപ്പിച്ച പ്രതിരോധശേഷിയും കാര്യക്ഷമമായ കാലാവസ്ഥ വ്യതിയാന അനുരൂപീകരണ പ്രവർത്തനങ്ങളും വഴി ശേഷി വർദ്ധിപ്പിക്കുക.

iv) ഭക്ഷ്യ-ജല സുരക്ഷയും, പ്രതിരോധശേഷിയുള്ള മേഖലാ വിതരണ ശൃംഖലകളും (കൃഷി, ഹോർട്ടികൾച്ചർ മുതലായവ) നൽകിക്കൊണ്ട് വിഭവ കാര്യക്ഷമമായ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന, പ്രകൃതിയെ അടിസ്ഥാനമാക്കിയുള്ള പരിഹാര മാർഗ്ഗങ്ങളും സംയോജിത പ്രവർത്തനങ്ങളും ഉൾപ്പെടുത്തി. ആവാസവ്യവസ്ഥയുടെ സേവനങ്ങൾ പുനഃസ്ഥാപിക്കുക.

v) ഹരിത ജോലികൾ, സുസ്ഥിര ഉപജീവനമാർഗ്ഗങ്ങൾ എന്നിവയ്ക്കായി നൈപുണ്യവും പുനർ നൈപുണ്യ വികസനവും വളർത്തുക.

vi) 'കാലാവസ്ഥാ വ്യതിയാനവും ദുരന്ത സാധ്യതകളും പരിഗണിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കുക.

vii) കാലാസ്ഥാ വ്യതിയാന അനുരൂപീകരണ ധനസഹായം ലഭ്യമാക്കുക.

## 2. മിഷന്റെ ഘടനയും ചുമതലകളും

06.12.2023 ലെ സ.ഉ.(കൈ) No. 1/2023/ENVT ഉത്തരവ് പ്രകാരം മിഷന്റെ ഘടനയും, ചുമതലകളും, പ്രവർത്തനങ്ങളും സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

### 2.1 മിഷന്റെ ഘടന

1. മുഖ്യമന്ത്രി – ചെയർപേഴ്സൺ
2. തദ്ദേശ വകുപ്പ് മന്ത്രി – അംഗം
3. ജലസേചന വകുപ്പ് മന്ത്രി – അംഗം
4. കൃഷി വകുപ്പ് മന്ത്രി – അംഗം
5. ഗതാഗത വകുപ്പ് മന്ത്രി – അംഗം
6. ഫിഷെറീസ് വകുപ്പ് മന്ത്രി – അംഗം
7. ചീഫ് സെക്രട്ടറി – അംഗം

8. സെക്രട്ടറി, പരിസ്ഥിതി വകുപ്പ് – വൈസ് ചെയർപേഴ്സൺ
9. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് – അംഗം
10. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ് – അംഗം
11. പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ് – അംഗം
12. പ്രിൻസിപ്പൽ ചീഫ് കോൺസർവേറ്റർ ഓഫ് ഫോറെസ്റ്റ് & ഹെഡ് ഓഫ് ഫോറെസ്റ്റ് ഫോഴ്സ് – അംഗം
13. മുഖ്യ കാലാവസ്ഥാ വ്യതിയാന പ്രതിരോധ വിദഗ്ധൻ (ചീഫ് റെസിലിയൻസ് ഓഫീസർ) – മെമ്പർ കൺവീനർ
14. .മുഖ്യമന്ത്രി നിർദേശിക്കുന്ന കാലാവസ്ഥ അനിയോജ്യ നിർമ്മാണ സാങ്കേതികവിദ്യയിലെ വിദഗ്ധൻ - അംഗം (കാലാവധി 3 വർഷം)- നിയമനം നടന്നിട്ടില്ല
15. മുഖ്യമന്ത്രി നിർദേശിക്കുന്ന ഹരിത ഊർജ്ജ മേഖലയിലെ വിദഗ്ധൻ - അംഗം (കാലാവധി 3 വർഷം)-നിയമനം നടന്നിട്ടില്ല
16. മുഖ്യമന്ത്രി നിർദേശിക്കുന്ന ഭൂമിശാസ്ത്രത്തിലെ വിദഗ്ധൻ - അംഗം (കാലാവധി 3 വർഷം) നിയമനം നടന്നിട്ടില്ല
17. മുഖ്യമന്ത്രി നിർദേശിക്കുന്ന കാലാവസ്ഥാ അനുരൂപീകരണ സാമ്പത്തികകാര്യ വിദഗ്ധൻ - അംഗം (കാലാവധി 3 വർഷം) നിയമനം നടന്നിട്ടില്ല

### 2.2. എക്സിക്യൂട്ടീവ് കമ്മിറ്റി

1. പരിസ്ഥിതി വകുപ്പ് - ചെയർപേഴ്സൺ
2. മുഖ്യ കാലാവസ്ഥാ വ്യതിയാന പ്രതിരോധ വിദഗ്ധൻ (ചീഫ് റെസിലിയൻസ് ഓഫീസർ) – മെമ്പർ കൺവീനർ
3. എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറ്, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ - അംഗം
4. ഡയറക്ടർ, പരിസ്ഥിതി വകുപ്പ് – അംഗം
5. മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി – അംഗം

### 2.3. മിഷന്റെ ചുമതലകൾ

1. മിഷന്റെ വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കുക, അംഗീകാരത്തോടെ നടപ്പാക്കുക
2. കേരളത്തിൽ കാലാവസ്ഥാ വ്യതിയാന അനുരൂപീകരണം എന്ന ലക്ഷ്യം നേടുന്നതിനായി ആവശ്യമായ നയം, നിയമ പരിഷ്കരണ ശുപാർശ, നിയമ നിർമ്മാണ ശുപാർശ, ചട്ട നിർമ്മാണ ശുപാർശ എന്നിവ തയ്യാറാക്കുക്കി മിഷന് സമർപ്പിക്കുക.
3. കേന്ദ്ര സർക്കാർ/സർക്കാർ സ്ഥാപനങ്ങൾ/നബാർഡ് എന്നിവ കേരളത്തിനായി അനുവദിക്കുന്ന കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പദ്ധതികൾക്കുള്ള നോഡൽ ഏജൻസി ആയി പ്രവർത്തിക്കുക.
4. സംസ്ഥാന കാലാവസ്ഥാ വ്യതിയാന പ്രവർത്തന പദ്ധതി (State Action Plan on Climate Change) കാലികമായി പുതുക്കുന്നതിനുള്ള സംസ്ഥനതല സ്ഥാപനമായി പ്രവർത്തിക്കുക.
5. സംസ്ഥാനത്തിന്റെ പഞ്ചവൽസര പദ്ധതി, സംസ്ഥാന/ജില്ലാ/തദ്ദേശ സ്ഥാപന തല ദുരന്ത ലഘൂകരണ പദ്ധതികൾ എന്നിവ കേരളത്തിൽ കാലാവസ്ഥാ വ്യതിയാന അനുരൂപീകരണം സാധ്യമാകുന്നതിന് ഉതകുന്ന തരത്തിൽ പരിഷ്കരിക്കുവാൻ ആവശ്യമായ സാങ്കേതിക ശുപാർശകൾ മിഷന്റെ പരിഗണനയ്ക്കായി തയ്യാറാക്കുക
6. സംസ്ഥാന തലത്തിൽ, കാർബൺ ബഹിർഗമനം കുറയ്ക്കൽ, കാർബൺ അക്കൗണ്ടിംഗ്, കാർബൺ ട്രേഡിംഗ് എന്നിവയുടെ മിഷൻ അംഗീകരിച്ച പ്രവർത്തന, സാമ്പത്തിക ചട്ടക്കൂടിൽ പ്രവർത്തിക്കുന്നതിന് വിവിധ സർക്കാർ-സർക്കരേതര സംവിധാനങ്ങളെ

ഏകോപിപ്പിക്കുക, സാങ്കേതിക സഹായം നല്കുക

7. കേരളത്തിലെ കാർഷിക-കാലാവസ്ഥാ മേഖലകൾക്ക് (Agro-climatic zones) കാലാവസ്ഥാ അടിസ്ഥാനരേഖകൾ (Climate Baselines) തയ്യാറാക്കുക, നിരന്തരം വ്യതിയാന അവലോകനം നടത്തുക, നിരീക്ഷണ-അവലോകന സംവിധാനം സ്ഥാപിക്കുക, തുടർ നടത്തിപ്പ് ഉറപ്പ് വരുത്തുക
8. അതിസൂക്ഷ്മ കാലാവസ്ഥാ വ്യതിയാന ആഘാത അവലോകനം നടത്തുകയും, തദ്ദേശ സ്ഥാപനങ്ങളെ അനുരൂപീകരണ പ്രവർത്തന പദ്ധതികൾ തയ്യാറാക്കുവാൻ സഹായിക്കുകയും ചെയ്യുക
9. ദുരന്ത പ്രതിരോധ നിധി (Disaster Mitigation Fund - national/state), കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്വ ഫണ്ട് (Corporate Social Responsibility Funds), carbon credit money, green funds, ദേശീയ-അന്തർദേശീയ ധന/ധനേതര സഹായങ്ങൾ, സന്നദ്ധ സംഘടനകൾ, യു.എൻ സ്ഥാപനങ്ങൾ, ലോക ബാങ്ക്, ഏഷ്യൻ ഡെവലപ്മെൻറ് ബാങ്ക്, വിവിധ അന്തർദേശീയ വികസന ഫണ്ടുകൾ, ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും സഹായങ്ങൾ/ലോണുകൾ കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ പ്രവർത്തനനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയും, നടപ്പിലാക്കുകയും/നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുകയും ചെയ്യുക.
10. വിവിധ കേന്ദ്ര-സംസ്ഥാന സർക്കരേതര പദ്ധതികളിൽ നിന്നും പദ്ധതി ശേഷം ഉള്ള നീക്കിയിരിപ്പ് കോർപ്പസ് ഫണ്ട് ആയി സൂക്ഷിക്കുകയും, മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടെ വിനിയോഗിക്കുകയും ചെയ്യുക.
11. കാലാവസ്ഥാ വ്യതിയാന അനുരൂപീകരണത്തിന് പ്രദേശികമായി ഫലപ്രദം അല്ലാത്ത പ്രവർത്തികൾ കണ്ടെത്തി അവയുടെ ആഘാതം ലഘൂകരിക്കുവാൻ സാങ്കേതിക ഉപദേശം സർക്കാർ സംവിധാനങ്ങൾക്കും, സ്വകാര്യ സ്ഥാപനങ്ങൾക്കും, സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും നല്കുക.
12. മിഷൻ പ്രവർത്തനങ്ങൾ, കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ സന്ദേശങ്ങൾ എന്നിവ പത്ര, ശ്രവ്യ, ദൃശ്യ, സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുക.
13. കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ പ്രവർത്തനനങ്ങൾ ഏറ്റെടുക്കുന്നതിന് സർക്കാർ, സന്നദ്ധ സംഘടനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവർക്കായി ആവശ്യമായ പരിശീലന/അവബോധന പരിപാടികൾ നടപ്പിലാക്കുക.
14. മിഷൻ പ്രവർത്തനങ്ങളുടെ വാർഷിക റിപോർട്ട് തയ്യാറാക്കി, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ സർക്കാരിന് സമർപ്പിക്കുക.

## 3. മിഷൻ യോഗം

കേരള സംസ്ഥാന കാലാവസ്ഥാ അനു രൂപീകരണ മിഷന്റെ ആദ്യ യോഗം 2024 മാർച്ച് മാസം ആറാം തീയതി വൈകിട്ട് നാലുമണിക്ക് മിഷൻ ചെയർമാൻ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഓൺലൈനായി കൂടി.

യോഗത്തിൽ പരിസ്ഥിതി വകുപ്പ് സെക്രട്ടറി ശ്രീ രത്തൻ കേൽക്കർ പങ്കെടുത്തവർക്ക് സ്വാഗതം ആശംസിക്കുകയും, ചീഫ് സെക്രട്ടറി ശ്രീ. വി വേണു മിഷന്റെ ഉദ്ദേശ്ശ ലക്ഷ്യങ്ങളെ പറ്റി വിശദീകരിക്കുകയും തുടർന്ന് അജണ്ട പ്രകാരമുള്ള വിഷയങ്ങൾ മിഷന്റെ ചീഫ് റെസിലിയൻസ് ഓഫീസർ ഡോ. ശേഖർ എൽ. കുരിയാക്കോസ് അവതരിപ്പിച്ചു.

**യോഗത്തിൽ പങ്കെടുത്തവർ**

1. മുഖ്യമന്ത്രി – ചെയർപേഴ്സൺ
2. ജലവിഭവ വകുപ്പ് മന്ത്രി – അംഗം
3. കൃഷി വകുപ്പ് മന്ത്രി – അംഗം

4. ഗതാഗത വകുപ്പ് മന്ത്രി – അംഗം
5. ചീഫ് സെക്രട്ടറി – അംഗം
6. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് – അംഗം
7. സെക്രട്ടറി, പരിസ്ഥിതി വകുപ്പ് – വൈസ് ചെയർപേഴ്സൺ
8. സെക്രട്ടറി, ഗതാഗത വകുപ്പ് – അംഗം
9. പ്രിൻസിപ്പൽ ചീഫ് കോൺസർവേറ്റർ ഓഫ് ഫോറെസ്റ്റ് & ഹെഡ് ഓഫ് ഫോറെസ്റ്റ് ഫോഴ്സ് – അംഗം
10. ഡയറക്ടർ, പരിസ്ഥിതി വകുപ്പ് - പ്രത്യേക ക്ഷണിതാവ്
11. മുഖ്യ കാലാവസ്ഥാ വ്യതിയാന പ്രതിരോധ വിദഗ്ധൻ (ചീഫ് റെസിലിയൻസ് ഓഫീസർ) – മെമ്പർ കൺവീനർ

## 4. ഭരണപരമായ ക്രമീകരണം

മിഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി ചുവടെ ചേർക്കുന്ന തസ്തികകൾ 04.08.2023 ലെ സ.ഉ. (സാധാ) നം.61/2023/പരിസ്ഥിതി ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്.

### 4.1 തസ്തികകളുടെ രൂപീകരണം

1. ചീഫ് റെസിലിയെൻസ് ഓഫീസർ (CRO) : 1 തസ്തിക (അന്യത്ര സേവന വ്യവസ്ഥയിൽ)
2. ക്ലൈമറ്റ് ചെയ്ഞ്ച് അസസ്സ്മെന്റ് സെപ്ഷ്യലിസ്റ്റ് (CCAS) : 1 തസ്തിക (കരാർ/അന്യത്ര സേവന വ്യവസ്ഥയിൽ)
3. കാർബൺ ഓഡിറ്റിംഗ് ഓഫീസർ (CAQ):1 തസ്തിക (കരാർ / അന്യത്ര സേവന വ്യവസ്ഥയിൽ)
4. കാർബൺ ക്യാപ്ചർ & യൂട്ടിലൈസേഷൻ സ്പെഷ്യലിസ്റ്റ് (CCUS):1 തസ്തിക (കരാർ/അന്യത്ര സേവന വ്യവസ്ഥയിൽ)
5. കാർബൺ മോണിറ്ററിംഗ് ആൻഡ് കംപ്ലയൻസ് ഓഫീസർ (CMCO) : 1 തസ്തിക (കരാർ/അന്യത്ര സേവന വ്യവസ്ഥയിൽ)
6. സയൻസ് കണ്ടന്റ് റൈറ്റർ (SCW) : 1 തസ്തിക (കരാർ/ അന്യത്ര സേവന വ്യവസ്ഥയിൽ)
7. അഡ്മിനിസ്ട്രേറ്റീവ് മാനേജർ (AM) : 1 തസ്തിക (അന്യത്ര സേവന വ്യവസ്ഥയിൽ)
8. മൾട്ടി ടാസ്കിംഗ് ഓഫീസർ ( MTO ) : 1 തസ്തിക (കരാർ / അന്യത്ര സേവന വ്യവസ്ഥയിൽ)
9. അക്കൗണ്ടന്റ് (Accountant) : 1 തസ്തിക (കരാർ / അന്യത്ര സേവന വ്യവസ്ഥയിൽ)

### 4.2 ജീവനക്കാരുടെ വിവരങ്ങൾ

26.09.2023 ലെ സ.ഉ. (സാധാ) നം.69/2023/പരിസ്ഥിതി ഉത്തരവ് പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി മെമ്പർ സെക്രട്ടറിക്കു അധിക ചുമതല നൽകി മിഷന് ചീഫ് റെസിലിയൻസ് ഓഫീസറെ നിയമിച്ചു.

| ക്രമ നം | ചീഫ് റെസിലിയൻസ് ഓഫീസറുടെ പേര് | കാലയളവ് |
|---|---|---|
| 1. | ഡോ ശേഖർ എൽ കുരിയാക്കോസ് | 27 .09.2023 മുതൽ തുടരുന്നു. |

28.12.2023 ലെ സ.ഉ. (സാധാ) നം.97/2023/പരിസ്ഥിതി ഉത്തരവ് പ്രകാരം മിഷന് അഡ്മിനിസ്ട്രേറ്റീവ് മാനേജരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചു.

| ക്രമ നം | അഡ്മിനിസ്ട്രേറ്റീവ് മാനേജറുടെ പേര് | കാലയളവ് |
|---|---|---|
| 1. | ശ്രീ സിജി എം തങ്കച്ചൻ | 01/01/2024- മുതൽ തുടരുന്നു. |

28-06-2024 ലെ സ.ഉ.(സാധാ) 46/2024 /ENVT ഉത്തരവ് പ്രകാരം മിഷന് അക്കൗണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു.

| ക്രമ നം | അക്കൗണ്ടന്റിന്റെ പേര് | കാലയളവ് |
|---|---|---|
| 1. | ശ്രീമതി ഉനൈസ | 01/07/2024- മുതൽ തുടരുന്നു. |

മറ്റു തസ്തികകളിലേക്കുള്ള നിയമന നടപടികൾ സെന്റർ ഫോർ മാനേജ്മന്റ് ഡെവലപ്മെന്റ്

(Centre for Management Development-CMD) എന്ന സ്ഥാപനം മുഖേന സ്വീകരിക്കാവുന്നതാണ് എന്ന വിവരം 31/8/2024 ലെ ENVT-B1/100/2024 നമ്പർ സർക്കാർ കത്ത് പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമന നടപടികൾ നടന്നു വരുന്നു.

### 4.3 തസ്തികളകളുടെ ഒഴിവാക്കൽ

മിഷന് അനുവദിച്ച ക്ലൈമറ്റ് ചെയ്ഞ്ച് അസസ്സ്മെന്റ് സെപ്ഷ്യലിസ്റ്റ്, മൾട്ടി ടാസ്കിംഗ് ഓഫീസർ എന്നിവരുടെ യോഗ്യതപ്രകാരമുള്ള അപേക്ഷകരെ ലഭിക്കാത്തതിനാൽ യോഗ്യത പരിഷ്കരിക്കുന്നതിനു സർക്കാരിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

## 5. മിഷൻ പ്രവർത്തനങ്ങൾ

06.03.2024 ൽ ആണ് മിഷന്റെ ആദ്യ യോഗംബഹു മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയത്. 24.05.2024 ലെ സ.ഉ.(കൈ) No. 2/2024/ENVT ഉത്തരവ് പ്രകാരം മിഷന്റെ 2024-25 ലെ വാർഷിക പദ്ധതിയുടെ ഭരണാനുമതി ലഭിച്ചു.

### 5.1. ഓഫീസ് സംവിധാനം

മിഷന്റെ താല്കാലിക ഓഫീസ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരത്തിന്റെ രണ്ടാം നിലയിൽ സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചു. ഓഫീസ് പ്രവർത്തനത്തിന് അത്യാവശ്യം വേണ്ട ഫർണിച്ചർ, ലാപ്ടോപ്പ്, പ്രിൻറർ എന്നിവ വാങ്ങി.
മിഷൻ ഓഫീസിൽ ടെലിഫോൺ, ഇന്റർനെറ്റ്, വാട്സ് ആപ്പ് സംവിധാനം എന്നിവ ഏർപ്പെടുത്തി. ചീഫ് റെസിലിയൻസ് ഓഫീസറെ ഡ്രായിങ് ആൻഡ് ഡിസ്ബേഴ്സ്മെന്റ് ഓഫീസർ ആയി നിയമിക്കുകയും, തിരുവനന്തപുരം ജില്ലാ ട്രെഷറി മുഖേന ധന ഇടപാടുകൾ നടത്തിന്നതിനു സൗകര്യം ഒരുക്കിയിട്ടുണ്ട്. മിഷന് ഇൻകം ടാക്സ്, ടാൻ, പാൻ രജിസ്ട്രേഷനുകൾ എടുത്തിട്ടുണ്ട്.

### 5.2. ഈ- ഓഫീസ്

മിഷൻ ഓഫീസ് പ്രവർത്തനം പൂർണ്ണമായും ഈ- ഓഫീസ് സംവിധാനത്തിലൂടെ ഓൺലൈൻ സംവിധാനത്തിലൂടെയാണ് പ്രവർത്തിക്കുന്നത്. ഈ വർഷം കൈകാര്യം ചെയ്ത തപാൽ, ഫയൽ, ഡസ്പാച്ച് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Receipt created | Receipt Moved | File Created | File Moved | File Closed | In movement | Parked | Closed | Tapal Dispatched |
|---|---|---|---|---|---|---|---|---|
| 274 | 2216 | 91 | 436 | 65 | 23 | 3 | 65 | 436 |

### 5.3. വിവരാവകാശ നിയമം.

വിവരാവകാശ നിയമ പ്രകാരമുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി അഡ്മിനിസ്ട്രേറ്റിവ് മാനേജർ, അപ്പെലെറ്റ് അതോറിറ്റിയായി ചീഫ് റെസിലിയൻസ് ഓഫീസർ എന്നിവരെ നിയമിച്ചു. ഈ വർഷം വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല.

### 5.4. മിഷൻ വെബ്സൈറ്റ്

മിഷന്റെ വെബ്സൈറ്റ് സ്ഥാപിക്കുന്നതിനായി സർക്കാർ അംഗീകാരത്തോടെ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ധാരണാ പത്രം ഒപ്പുവെച്ചു. 2025 -26 വർഷം വെബ്സൈറ്റ് പ്രവർത്തന ക്ഷമമാവുന്നതാണ്.

## 6. വാർഷിക പദ്ധതി

2050 ആകുമ്പോഴേക്കും ഒരു കാലാവസ്ഥാ അനുരൂപീകരണ പ്രതിരോധശേഷിയുള്ള കേരളം വികസിപ്പിക്കുക എന്നതാണ് കേരള സർക്കാർ ആഗ്രഹിക്കുന്നത് എന്നതിനാലും, ഇതിനായി സംസ്ഥാനം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് നടപ്പിലാക്കുന്നു. 2024 ൽ ഒരു പരിസ്ഥിതി ബജറ്റ് പ്രസിദ്ധീകരിക്കുമെന്നും 2050 ഓടെ സംസ്ഥാനം കാർബൺ ന്യൂടൽ ആകുമെന്നും 2022 ലെ ബജറ്റ് പ്രസംഗത്തിൽ സംസ്ഥാനം പ്രഖ്യാപിച്ചു. 24.05.2024 ലെ സ.ഉ.(കൈ) No. 2/2024/ENVT ഉത്തരവ്

പ്രകാരം മിഷന്റെ **2024-25** ലെ വാർഷിക പദ്ധതിയുടെ ഭരണാനുമതി ലഭിച്ചു..വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തനങ്ങൾ

### 6.1. എസ്റ്റാബ്ലിഷ്മെന്റ് ഓഫ് മിഷൻ

മിഷന്റെ ദൈനം ദിന പ്രവർത്തനങ്ങൾ ഉൾപ്പടെ എല്ലാ കാര്യങ്ങളും ഈ ഇനത്തിൽ പെടുന്നു. മിഷനിലെ ശമ്പളം, ഓഫീസ് ചിലവുകൾ, റിക്രൂട്മെന്റ്, ഉപകരണങ്ങൾ ടെലിഫോൺ ഇന്റർനെറ്റ് എന്നിവയുടെ ചിലവുകൾ ഈ ഇനത്തിൽ ചിലവഴിക്കപ്പെടുന്നു.

### 6.2. കേരള കാലാവസ്ഥ വ്യതിയാന സംഭാഷണ പരിപാടി

കേരളത്തിൽ കാലാവസ്ഥാ പൊരുത്തപ്പെടുത്തൽ, ആവശ്യമായ നയരൂപീകരണം, നിയമ പരിഷ്കരണം/നിയമനിർമ്മാണവും നിയന്ത്രണ രൂപീകരണവും എന്ന ലക്ഷ്യം കൈവരിക്കുന്നതിന്, സംസ്ഥാന കാലാവസ്ഥാ പ്രവർത്തന പദ്ധതിയെക്കുറിച്ച് വിശാലമായ ചർച്ച നടത്തേണ്ടത് ആവശ്യമാണ്. **2024-25** ലെ സംസ്ഥാന ബജറ്റിൽ **2024-25** ലെ കാലാവസ്ഥാ വ്യതിയാന സംവാദ പരമ്പരയ്ക്കായി (**3** സംഭാഷണങ്ങൾ) ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഇതിനായി **10** ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ടു ആദ്യ സംഭാക്ഷണം ആലപ്പുഴ ജില്ലാ കളക്ടറേറ്റുമായി സംയുക്തമായി വേമ്പനാട് തടാകം പുനരുദ്ധാരണം സംബന്ധിച്ച് **2024** ഒക്ടോബർ **28** നു ആലപ്പുഴ കയർ കോർപ്പറേഷൻ കൺവെൻഷൻ സെൻ്ററിൽ വെച്ച് നടത്തി. കാലാവസ്ഥ വ്യതിയാനത്തിന്റെയും അനുരൂപീകരണത്തിന്റെയും അടിസ്ഥാനത്തിൽ വേമ്പനാട് തടാകം പുനരുദ്ധാരണ പദ്ധതി രൂപീകരണം ആണ് ഇതിന്റെ ഉദ്ദേശം.

കേരള കാലാവസ്ഥ വ്യതിയാന സംഭാഷണ പരിപാടിയുടെ രണ്ടും, മൂന്നും സംഭാക്ഷണ പരിപാടി മാതൃഭൂമി ദിനപത്രവുമായി സഹകരിച് **2025** ഫെബ്രുവരി **6**, ഫെബ്രുവരി **7**, തീയതികളിൽ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് നടന്ന മാതൃഭൂമി ഇന്റർനാഷണൽ ഫെസ്റ്റിവൽ ഓഫ് ലെറ്റർ (ക ഫെസ്റ്റിവൽ) എന്ന പരിപാടിയുമായി ബന്ധപ്പെടുത്തി നടത്തി.

ഫെബ്രുവരി **6** നു "കാർബൺ ക്രെഡിറ്റും, കേരള വികസനവും" എന്ന വിഷയത്തിൽ ഡോ വി വേണു ഐ എ എസ് , ഡോ സി ജോർജ് തോമസ്, ഡോ ശേഖർ എൽ കുരിയാക്കോസ്, എന്നിവർ സംസാരിച്ചു.

ഫെബ്രുവരി **7** നു "സൂക്ഷിക്കുക കാലാവസ്ഥ മാറുകയാണ്" എന്ന വിഷയത്തിൽ ഡോ പി ഇന്ദിരാ ദേവി, ഡോ ജോയ് ഇളമൺ, ഡോ ശേഖർ എൽ കുരിയാക്കോസ് എന്നിവർ സംസാരിച്ചു.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങളിൽ നിന്നുള്ള അപകടസാധ്യത കുറയ്ക്കാൻ ആവിഷ്ക്കരിക്കേണ്ട തന്ത്രങ്ങളെ രൂപീകരിക്കാൻ ഡയലോഗ് പരമ്പരയുടെ ഫലങ്ങൾ സഹായിക്കും. ദുർബലതാ വിലയിരുത്തലിൽ ദുർബലമെന്ന് തിരിച്ചറിഞ്ഞ മേഖലകൾക്കായി പ്രത്യേക പൊരുത്തപ്പെടുത്തൽ ആസൂത്രണം ചെയ്യാൻ സഹായിക്കും.

### 6.3. കേരള ക്ലൈമറ്റ് ചേഞ്ച് കോൺഫറൻസ്

കേരളത്തിൽ കാലാവസ്ഥാ പൊരുത്തപ്പെടുത്തൽ എന്ന ലക്ഷ്യം കൈവരിക്കുന്നതിന്, ആവശ്യമായ നയരൂപീകരണം, നിയമ പരിഷ്കരണം/നിയമ നിർമ്മാണവും നിയന്ത്രണവും ആവശ്യമാണ്, കൂടാതെ സംസ്ഥാന കാലാവസ്ഥാ പ്രവർത്തന പദ്ധതി ആവശ്യാനുസരണം പരിഷ്കരിക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യുകയും വേണം. കാർബൺ ഉദ്വമനം കുറയ്ക്കുന്നതിന്, കാർബൺ അക്കൗണ്ടിംഗ്, സംസ്ഥാനത്ത് കാർബൺ ട്രേഡിംഗ് നടപ്പിലാക്കുന്നതിനുള്ള ഒരു പൊതു പ്രവർത്തന, സാമ്പത്തിക ചട്ടക്കൂട് സൃഷ്ടിക്കുക എന്ന ലക്ഷ്യങ്ങളോട് കൂടി കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (**CUSAT**) മായി സഹകരിച്ചു കാലാവസ്ഥാ പൊരുത്തപ്പെടുത്തലും പ്രതിരോധശേഷിയും സംബന്ധിച്ച അന്താരാഷ്ട്ര സമ്മേളനം (**CARE 25**) മാർച്ച് **24** മുതൽ **25** വരെ കുസാറ്റ് സെമിനാർകോംപ്ലക്സിൽ നടത്തി. കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന പൊരുത്തപ്പെടുത്തൽ മിഷനുമായി ചേർന്ന് "സമൂഹാധിഷ്ഠിത പൊരുത്തപ്പെടുത്തൽ തന്ത്രങ്ങൾ" എന്ന വിഷയത്തിൽ ഒരു പാനൽ ചർച്ചയും സംയുക്ത സെഷനുകളും സംഘടിപ്പിച്ചു.

## 7. ധനകാര്യ മാനേജ്മന്റ്

മിഷന്റെ ചുമതലകൾ നിർവഹിക്കുന്നതിനായി 3435-03-103-94--കേരള സ്റേറ്റ് ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷൻ അതോറിറ്റി (കെ.എസ്.സി.സി.എ.എ.) - പ്ലാൻ ശീർഷകം അനുവദിച്ചു 2024 -25 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ ഒരു കോടി രൂപ അനുവദിച്ചു. പദ്ധതി പുരോഗതി നിരീക്ഷണത്തിനായി പ്ലാൻ സ്പേസ് സംവിധാനം ഒരുക്കിയിട്ടുണ്ട്.

| ക്രമ നം | ശീർഷകം | ബഡ്ജറ്റ് തുക | പദ്ധതി പുനഃനിർണ്ണയം | ലഭിച്ച തുക | ചിലവ് |
|---|---|---|---|---|---|
| 01 | 3435-03-103-94-31 | 10,00,000.00 | 10,00,000.00 | 5,00,000.00 | 2,10,581.00 |
| 02 | 3435-03-103-94-36 | 90,00,000.00 | 40,00,000.00 | 10,00,000.00 | 8,36,019.00 |
| 03 | **ആകെ** | **1,00,00,000.00** | **50,00,000.00** | **15,00,000.00** | **10,46,600.00** |

7.1 ചിലവുകൾ

**A. എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ**

| | | |
|---|---|---|
| 1. | ശമ്പളം വേജസ് | 2,10,581.00 |
| 2. | ഓഫിസ് നിർമ്മാണം | 3,88,570.00 |
| 3. | ഓഫീസ് ചിലവുകൾ | 13,704.00 |
| 4. | യാത്ര ചിലവുകൾ | 17,257.00 |
| 5. | റിക്രൂട്ട്മെന്റ് ചിലവുകൾ | 2,60,122.00 |
| 6. | ഇന്റർനെറ്റ് & ടെലിഫോൺ | 31,283.00 |
| 7. | പോസ്റ്റേജ് | 83.00 |
| | **ആകെ** | **- 9,21,600.00** |
| | **B. കേരള കാലാവസ്ഥ വ്യതിയാന സംഭാഷണ പരിപാടി** | **- 1,25,000.00** |
| | **ആകെ** | **- 10,46,600.00** |

ചിലവാകാതെ അവശേഷിച്ച തുക സറണ്ടർ ചെയ്തിട്ടുണ്ട്.

## 8. ഉപസംഹാരം

കേരളത്തിൽ കാലാവസ്ഥാ വ്യതിയാന അനുരൂപീകരണം സാധ്യമാകുന്നതിന് ഉതകുന്ന തരത്തിൽ സംസ്ഥാനത്തിന്റെ പഞ്ചവത്സര പദ്ധതി പരിഷ്കരിക്കുവാൻ വേണ്ട ക്രമീകരങ്ങൾ ചെയ്യുക, സംസ്ഥാന;ജില്ലാ/തദ്ദേശ സ്ഥാപനതല ദുരന്ത ലഘൂകരണ പദ്ധതി പരിഷ്കരിക്കുക, ദുരന്ത പ്രതിരോധ നിധി (Disaster Mitigation Fund — National/State), കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്വ ഫണ്ട് (Corporate Social Responsibility Funds), Carbon Credit Money, green Funds, ദേശീയ-അന്തർദേശീയ ധന/ധനേതര സഹായങ്ങൾ, സന്നദ്ധ സംഘടനകൾ, യു.എൻ സ്ഥാപനങ്ങൾ, ലോക ബാങ്ക്. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്, വിവിധ അന്തർദേശീയ വികസന ഫണ്ടുകൾ, ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും ലഭിക്കുന്ന സഹായങ്ങൾ/ലോണുകൾ വിനിയോഗിച്ച് കേരളത്തിൽ കാലാവസ്ഥാ വ്യതിയാന അനുരൂപീകരണം എന്ന ലക്ഷ്യം നേടുന്നതിനായി പദ്ധതികൾ നടപ്പിലാക്കുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ ആത്യന്തിക ലക്ഷ്യം.

ലക്ഷ്യങ്ങൾ നേടുന്നതിനായി രൂപീകരിക്കപ്പെട്ട ഈ സ്ഥാപനം ഇപ്പോൾ ശൈശവ ദശയിലാണെങ്കിലും, ഭാവിയിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തര ഫലങ്ങൾ സംസ്ഥാന പുരോഗതിക്കു അവസരമാക്കുന്നതിൽ വിജയിക്കും എന്ന് ഉറപ്പു വരുത്തും എന്ന പ്രത്യാശയോടെ നമുക്ക് മുന്നേറാം.

Signed by Sekhar Lukose Kuriakose
Date: 11-07-2025 10:04:10

ഡോ. ശേഖർ എൽ കുരിയാക്കോസ്

**ചീഫ് റെസിലിയൻസ് ഓഫീസർ .**